**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **11-06-2024 - ൽ മറുപടിയ്ക്ക്**

**നികുതി ചോർച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പുനഃസംഘടനയിലൂടെ ഇപ്പോൾ വകുപ്പ് പ്രവർത്തിക്കുന്നത് ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വിഭാഗങ്ങളായാണ്. ഇതിൽ ഓരോ വിഭാഗങ്ങളും നികുതി പിരിവ് ഊർജ്ജിതമാക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടാക്സ് പെയർ സർവ്വീസസ് നികുതി ദായക റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും പ്രസ്തുത റിട്ടേണുകൾ പരിശോധിച്ച് നികുതി അടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തു വരുന്നു.എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഇരുപത്തിനാല് മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടു കെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുന്നു. ഇത |

| | | | |
|---|---|---|---|
| | | | കൂടാതെ വാഹന പരിശോധനയിൽ കണ്ടെത്തുന്ന തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.<br><br>ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സേർച്ച് / ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു. |
| (ബി) | നികുതി കുടിശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപ്പാക്കിവരുന്ന സ്കീമുകൾ വിശദമാക്കുമോ; | (ബി) | ജി എസ് ടിക്കു മുൻപുള്ള നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ആംനസ്റ്റി പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ (2023 ഒഴികെ) നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. കൂടാതെ കുടിശ്ശിക നിവാരണത്തിനായി സമഗ്രമായ ആംനസ്റ്റി പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വകുപ്പിന്റെ പുന:സംഘടനയിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം നടത്തിയ ഓപ്പറേഷൻ പാംടീ പരിശോധനയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ ഓപ്പറേഷൻ പാംടീ പരിശോധനയിൽ സംസ്ഥാന വ്യാപകമായി 148 വ്യക്തികളുടെ പേരിൽ എടുത്ത ജി.എസ്.ടി. രജിസ്ട്രേഷനുകളിലൂടെ 1170 കോടി രൂപയുടെ വ്യാജ ഇടപാട് നടത്തിയതിൽ നിന്നും 209 കോടി രൂപയുടെ നികുതി നഷ്ടം വരുത്തിയതായാണ് കണ്ടെത്താനായത്. കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ